(*b*) & (*c*) Do not arise.

ശ്രീ. പാലം തളിയത്തു് : ഹൈക്കോട്ടിൽനിന്നും ഇങ്ങനെ ഒരു റിപ്രസന്റേഷൻ സർവ്വെണ്ടിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : സർവ്വെണ്ടിനു കിട്ടിയിട്ടില്ല.

FORESTS INDUSTRIES, TRAVANCORE LTD.

*249. [30] **Sri. Paul Thaliath:** Will the Hon'ble Minister for Industries be pleased to state :—

(*a*) whether the enquiry with regard to the unsatisfactory working of the Forest Industries (Travancore) Ltd., by the commission deputed for the same has been completed ;

(*b*) if the answer to (*a*) is in the affirmative the nature of the findings of the commission ; and

(*c*) the final action taken in the matter?

Minister for Industries, Excise and Local Self Government
(Sri. N. Kunjuraman :)

(*a*) Yes.

(*b*) The findings of confidential enquiries cannot be disclosed in public interests.

(*c*) This matter is still engaging the consideration of Government.

ശ്രീ. പാലം തളിയത്തു് : രണ്ടുമൂന്നു സെഷനിൽ ഇതേ ഉത്തരംതന്നെയാണു് പറഞ്ഞതെന്നു സർവ്വെണ്ടിനറിയാമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഈ കാര്യങ്ങളിലെല്ലാം ലാ ഡിപ്പാർട്ട്മെൻറിന്റെ അഭിപ്രായം വരേണ്ടതുണ്ടു്.

ശ്രീ. എ. വി. ജോസഫ് : ഈ കമ്പനി ലാഭത്തിലാണോ നടക്കുന്നതു് ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇപ്പോൾ ലാഭത്തിലാണു് നടക്കുന്നതു്.

ശ്രീ. പാലം തളിയത്തു് : എത്രകാലത്തിനകം ഇതിനൊരു തീരുമാനമുണ്ടാകും ?

ശ്രീ. എൻ. കുഞ്ഞുരാമൻ : കഴിയുന്നതും വേഗം തീരുമാനമുണ്ടാകും.

നിയമനങ്ങൾ

*൨൪൦. (നമ്പർ) ശ്രീ. എ. എൽ. ജേക്കബ്ബ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി രാജ്യങ്ങളുടെ സംയോജനത്തിനുശേഷം സംയോജനകാലത്തു പ്രസ്തുത ഫോറസ്റ്റ് വർക്കുകളുടേയും സർവ്വീസിൽ ഇല്ലാതിരുന്ന എത്രപേരെ അഞ്ചുറോ അതിൽ കൂടുതലോ ഉദ്യോഗിക ശമ്പളത്തിൽ തിരുവിതാംകൂർ–കൊച്ചി സർവ്വീസിലേക്കു നിയമിക്കുകയുണ്ടായി ;

(ബി) അങ്ങനെ നിയമിക്കപ്പെട്ടവരുടെ പേരു്, ഉദ്യോഗപ്പേരു്, നിയമനകാലാവധി, ശമ്പളവും അലവൻസും, എന്നിവ എന്താണെന്നു സദയം പറയാമോ ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) & (ബി) ഫ. ബഹു. ശ്രീ. സി. കുഞ്ഞുരാമൻ, ചീഫ് ജസ്റ്റിസു്. ശമ്പളം ഫ,൪൦൦ രൂപായും, അലവൻസു് ഫ൦൦ രൂപായുമാണു്. ൨൦—ഫ—൪൦ മുതൽ രണ്ടുവർഷക്കാലമാണു് നിയമനകാലാവധി.

൨. ശ്രീ. കെ. ജി. മേനോൻ, ചീഫ് സെക്രട്ടറി. ശമ്പളം ൨,൫൪൦

LIBRARY ARCHIVES Kerala Legislative Assembly

രൂപായും, അലവൻസ് ൪൭ ൫ രൂപായുമാണ്. ൫—൭—൫൯ മുതൽ മൂന്നുവർഷക്കാലമാണ് നിയമനകാലാവധി.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദ് : ചീഫ് സെക്രട്ടറിയെ ആദ്യം ഒരുകൊല്ലക്കാലത്തേക്കല്ലേ നിയമിച്ചിരുന്നത് ?

ശ്രീ. ടി. കെ. നാരായണപിള്ള : ആദ്യം ഒരുവർഷത്തേക്കാണ് നിയമിച്ചിരുന്നത്. പിന്നെ രണ്ടുവർഷത്തേക്കുകൂടി കാലാവധി നീട്ടിയിട്ടുള്ളതായിട്ടാണ് ഗവമ്മെണ്ടിനു കിട്ടിയിട്ടുള്ള അറിവ്.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദ് : ഈ ഗവമ്മെണ്ടിൽനിന്നുതന്നെയാണോ അങ്ങനെ നീട്ടിക്കൊടുത്തത് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇൻഡ്യാഗവമ്മെണ്ടിൽനിന്നും നിയമനകാലാവധി നീട്ടിക്കൊടുക്കുന്നതുസംബന്ധിച്ച് ഒരു കമ്മ്യൂണിക്കേഷൻ കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കയാണ്. അതിനെപ്പറ്റി അവസാനതീരുമാനം ചെയ്തിട്ടില്ല.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദ് : അതിന്റെ അവസാനതീരുമാനം ചെയ്യാനുള്ള അധികാരം ഗവമ്മെണ്ടിനല്ലേ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതെ.

ശബരിമല ക്ഷേത്രം

*൨൫൨. (ന൨) ശ്രീ. ടി. വി. ദേവൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ശബരിമല ക്ഷേത്രം നശിപ്പിച്ചതിന്മേൽ പോലീസിന്റെ അന്വേഷണഫലം എന്തായി ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : അന്വേഷണം തുടർന്നുവരികയാണ്.

ശ്രീ. ടി. വി. ദേവൻ : അതിൽ എനിക്കു വളരെ സങ്കടമുണ്ടെന്നുള്ള കാര്യം ഗവമ്മെണ്ടിനറിയാമോ ?

(ഉത്തരം പറഞ്ഞില്ല)

സഹായധനം

*൨൫൩. (ന൩) ശ്രീ. ടി. വി. ദേവൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഒരു കമ്മ്യൂണിസ്റ്റുകാരനാൽ കൊല്ലപ്പെട്ട മാവേലിക്കര പോലീസ് കാൻസ്റ്റബിളിന്റെ മാതാവിനു വല്ല സഹായങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ വല്ല സഹായങ്ങളും ചെയ്യണമെന്നുദ്ദേശിക്കുന്നുണ്ടോ ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : പോലീസുകാരന്റെ മാതാവിനു യാതൊരു സഹായവും ചെയ്തുകൊടുത്തിട്ടില്ല.

ശ്രീ. ടി. വി. ദേവൻ : അങ്ങിനെ വല്ല സഹായവും ചെയ്തുകൊടുക്കണമെന്നു ഗവമ്മെണ്ടുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതുവരെ സഹായങ്ങൾ ഗവമ്മെണ്ടിൽനിന്നും കൊടുത്തിട്ടുള്ളതു മരിച്ച ഉദ്യോഗസ്ഥന്റെ സംരക്ഷണത്തിലല്ലാതെ കഴിഞ്ഞുകൂടുവാൻ നിവൃത്തിയില്ല എന്നു ഗവമ്മെണ്ടിനു ബോദ്ധ്യമായിട്ടുള്ളവർക്കാണ്. എന്നാൽ പ്രസ്തുത പോലീസുകാരന്റെ മാതാവിനു ഗവമ്മെണ്ടിൽനിന്നും സഹായം കൊടുക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly